II ഇ.ബി. XIകേരള നിയമസഭ/IV11

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 1, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

74 (*269) പേപ്പട്ടി ശല്യം

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) നല്കിയ മറുപടിയിൽ, അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുന്ന നടപടി കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം പല സ്ഥലത്തും തടഞ്ഞിരിക്കുകയാണെന്ന് സഭയെ അറിയിച്ചു. ഈ നടപടി പുനരരാംഭിക്കാൻ കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതാണ്. പട്ടിപിടുത്തക്കാരുടെ കൂലി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അനിമൽ ബെർത്ത് കൺട്രോൾ പദ്ധതി സംസ്ഥാനത്ത് കോർപ്പറേഷനതിർത്തികളിൽ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലും മറ്റു പ്രധാനപ്പെട്ട ആശുപത്രികളിലും ഇപ്പോൾ പേ വിഷ ബാധയ്ക്കുള്ള മരുന്ന് ലഭ്യമാണ്. ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും പേ വിഷ ബാധയ്ക്കുള്ള ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലോട് ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പേ വിഷ ബാധയ്ക്കുള്ള മരുന്ന് വകസിപ്പിച്ചെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണവകുപ്പും ജന്തുസംരക്ഷണ സന്നദ്ധ സംഘടനകളും സംയുക്തമായി പ്രവർത്തിച്ച് പേ വിഷബാധ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പേ വിഷബാധ തടയുന്നതിനുള്ള 'ആന്റീ റാബീസ് വാക്സിൻ ' എല്ലാ ആശുപത്രികളിലും എത്തിക്കാനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ടെന്നും പേപ്പട്ടി വിഷബാധയെ സംബന്ധിച്ച

ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി ആരോഗ്യവകുപ്പുമന്ത്രി വ്യക്തമാക്കി.

75 (*270) മെഡിക്കൽ യൂണിവേഴ്സിറ്റി

ആരോഗ്യ വകുപ്പുമന്ത്രി ( ശ്രീ. പി. ശങ്കരൻ) നല്കിയ മറുപടിയിൽ, കേരളത്തിൽ മെഡിക്കൽ യൂണിവേഴ്സിറ്റി തുടങ്ങുന്ന കാര്യം പരിഗണനയിലില്ലെന്നും മെഡിക്കൽ, പാരാമെഡിക്കൽ പഠനങ്ങൾക്കും ഗവേഷണത്തിനും മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് വിശദമായ പഠനം നടത്തിയതിനുശേഷം മാത്രമേ വ്യക്തമാക്കാൻ സാധിക്കുകയുള്ളൂവെന്നും സഭയെ അറിയിച്ചു. ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുള്ളതുകൊണ്ട് ഇതുടനെ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

76 (*271) ഡി.ആർ.ഡി.എ. കളുടെ പ്രവർത്തനം

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. സി.എഫ്. തോമസ്) നൽകിയ മറുപടിയിൽ, അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.ആർ.ഡി.എ. കളുടെ ഘടനയിലും പ്രവർത്തനങ്ങളിലും മാറ്റം വരുത്തുന്ന കാര്യം പരിശോധിച്ചു വരുകയാണെന്ന് സഭയെ അറിയിച്ചു. ആർ.ഐ.ഡി.എഫ്. (8)–നുള്ള അപേക്ഷ സ്വീകരിച്ചാലുടനെ തുടർ നടപടികൾ സ്വീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. കോ–ഓർഡിനേഷൻ കമ്മിറ്റി യഥാസമയം ചേരുകയും ഡി.ആർ.ഡി.എ.യുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നുണ്ട്. ഡി.ആർ.ഡി.എ.യുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ഉചിതമായ തീരുമാനമെടുക്കുന്നതാണ്. പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നേടിയെടുക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി നേരിട്ട് കേന്ദ്രമന്ത്രിമാരേയും കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിയേയും കണ്ട് കേരളത്തിലെ 152 ബ്ലോക്കുകളേയും കവർ ചെയ്യുന്ന വിധം അർഹതപ്പെട്ട പി.എം.ജി.എസ്.വൈ. പദ്ധതി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്, അതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച നിവേദനത്തിന്റെ കോപ്പികൾ ബന്ധപ്പെട്ട എം.പി.മാർക്ക് നല്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള റോഡുകളുടെ കാര്യത്തിൽ പ്രത്യേകാനുമതി ആവശ്യമായ കേസ്സുകളിൽ 8 മീറ്റർ എന്നുള്ളത് 6 മീറ്ററാക്കി ഇളവ് അനുവദിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ ഔദ്യോഗികമായ അറിയിപ്പു ലഭിച്ചിട്ടുണ്ട്.. അതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇന്നുതന്നെ നിർദ്ദേശം നൽകുന്നതാണ്. സംസ്ഥാന പ്രതിനിധികൾ പങ്കെടുത്ത ' ആൾ ഇൻഡ്യാ പഞ്ചായത്ത് രാജ് ' സമ്മേളനത്തിൽ, ഡി.ആർ.ഡി.എ. യുടെ ഘടനയിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണെന്ന് കേന്ദ്ര ഗ്രാമവികസന വകുപ്പു മന്ത്രി അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനത്തിലുള്ള കാലതാമസം ഒഴിവാക്കണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്. ജില്ലാ പഞ്ചായത്തു യോഗങ്ങളിൽ

ബന്ധപ്പെട്ട എം.എൽ.എ. മാരും എം.പി.മാരും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരമുള്ള ബ്ലോക്കുകൾ തെരഞ്ഞെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും ജില്ലയിൽ അതിനു വിരുദ്ധമായി നടന്നിട്ടുണ്ടെങ്കിൽ പുന:പരിശോധിക്കുന്നതാണ്. പി.എം.ജി.എസ്.വൈ. പദ്ധതിക്ക് അനുവദിക്കുന്ന തുക യഥാസമയം ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കുന്നതനുസരിച്ച് കേന്ദ്രത്തിൽനിന്ന് കൂടുതൽ വിഹിതം കിട്ടുന്നതാണ്. കരാർ വച്ച പ്രവർത്തികളുടെ പണി ഉടനെ ആരംഭിക്കാൻ ഡി.ആർ.ഡി.എ.കളുടേയും ബ്ലോക്കുകളുടേയും യോഗം വിളിച്ചുകൂട്ടാൻ നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൂടുതലായി എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ ചെയ്യുന്നതാണ്. ഡി.ആർ.ഡി.എ. യുടെ ഗവേണിംഗ് ബോഡി യോഗങ്ങളിൽ ബന്ധപ്പെട്ട എം.എൽ.എ മാരെ ക്ഷണിക്കുന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രാമീണ തൊഴിൽദാന പദ്ധതിപ്രകാരമുള്ള യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റിംഗ് തന്ത്രം ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്ന കാര്യം പ്രാദേശിക സമിതികൾക്ക് തീരുമാനിക്കാവുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

77 (*272) <u>അധിക ജീവനക്കാരുടെ പുനർവിന്യാസം</u>

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) നൽകിയ മറുപടിയിൽ, സർക്കാർ സർവീസിലെ അധിക ജീവനക്കാരെ കണ്ടെത്തുന്നതിന് രൂപീകരിക്കപ്പെട്ട കമ്മിറ്റി ഏകദേശം 22 സർക്കാർ വകുപ്പുകളിലായി 14833 ജീവനക്കാർ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ഇവയിൽ 3048 തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളവയാണെന്നും സഭയെ അറിയിച്ചു. ക്രമവിരുദ്ധ നിയമനങ്ങൾ തടയുന്നതിനുള്ള നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. അധിക ജീവനക്കാരുടെ പുനർവിന്യാസത്തിനായി സെക്രട്ടേറിയറ്റിൽ 'സർപ്ലസ് മാൻപവർ സെൽ' രൂപീകരിക്കാൻ തീരുമാനിച്ചിട്ടില്ല. പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നിയമനം ലഭിച്ച ഒരു ജീവനക്കാരനേയും പിരിച്ചുവിടുകയില്ല. കാര്യമായ ജോലിയൊന്നുമില്ലാതെ ശമ്പളം വാങ്ങുന്ന വിവിധ വകുപ്പുകളിലെ ജീവനക്കാരെ ആവശ്യത്തിന് ജീവനക്കാരില്ലാത്ത വകുപ്പുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതാണ്. ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടി ഇതു സംബന്ധിച്ച് അവരെ ബോദ്ധ്യപ്പെടുത്തി ഇതിനോടുള്ള അവരുടെ എതിർപ്പു ഒരു പരിധി വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത രണ്ടു വർഷത്തേയ്ക്ക് ആൾ ഇൻഡ്യാ സർവീസിൽ പുതിയ ആളുകളെ കേരളത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ലെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇനി മുതൽ അത്യാവശ്യമായിട്ടുള്ള ചില പ്രൊഫഷണൽ തസ്തികകൾ

ഒഴിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ലെന്നാണ് ഗവൺമെന്റ് തീരുമാനം. പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനുതകുന്ന വിധത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലും പൊതുമരാമത്തു വകുപ്പിലും കൂടുതൽ ജീവനക്കാരെ പുനർവിന്യസിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്ലാനിംഗ് ബോർഡിൽ ഒരാൾ ഡെപ്യൂട്ടേഷനിൽ പോയി തിരിച്ചുവന്നാൽ പി.എസ്.സി. നിയമിച്ചവരാണെങ്കിലും തൽക്കാലത്തേയ്ക്ക് പുറത്തുനിൽക്കണം, വേക്കൻസി വരുമ്പോൾ അവരെ നിയമിക്കുമെന്ന കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ കീഴ്‌വഴക്കം തിരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭരണം സുതാര്യമാക്കുന്നതിനും ചുവപ്പുനാട അവസാനിപ്പിക്കുന്നതിനുംവേണ്ടി ഓഫീസുകളിൽ ഫയലുകൾ പരിശോധിക്കുന്ന തട്ടുകളുടെ എണ്ണം കുറയ്ക്കുന്ന നടപടി സെപ്റ്റംബർ 30-നകം പൂർത്തീകരിക്കുന്നതാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട ഒരാൾക്കും ജോലി നഷ്ടപ്പെടാതിരിക്കാൻ വേണ്ടി പി.എസ്.സി.യുടെ സമ്മതത്തോടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. രണ്ടരവർഷക്കാലമായി ശമ്പളം കിട്ടാതിരുന്ന അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുകയും നിയമനം റെഗുലറൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. യു.ജി.സി നിഷ്ക്കർഷിച്ചിട്ടുള്ള വിദ്യഭ്യാസ യോഗ്യതയില്ലാത്ത സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ കാര്യത്തിൽ നിയമപരമായി പരിഹാരമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ വകുപ്പുകളിൽ നിയമിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാർ പി.എസ്.സി. ഹാന്റ്സ് വരുന്ന മുറയ്ക്ക് പിരിഞ്ഞുപോകുന്നതാണ്. പുതുതായി ആരംഭിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിലും ആട്ടോണോമസ് സ്ഥാപനങ്ങളിലും ആവശ്യമില്ലാത്ത നിയമനങ്ങൾ പാടില്ലെന്ന് ഗവൺമെന്റ് ഗൈഡ്ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

78 (*273) <u>പൊതുനിരത്തുകളിൽവച്ച് ആടുമാടുകളെ കശാപ്പു ചെയ്യുന്നത് നിർത്തലാക്കാൻനടപടി</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഗ്രാമ പഞ്ചായത്തു പ്രദേശത്തിനുള്ളിലെ പൊതു നിരത്തുകളിൽ ആടുമാടുകളെ കശാപ്പു ചെയ്യുന്നതും അവശിഷ്ടങ്ങൾ വലിച്ചെറിയുന്നതും തടയുന്നതിന് നിലവിലുള്ള നിയമം കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ഇക്കാര്യത്തിൽ കുറ്റക്കാരായവർക്കെതിരെയും ഈവിധ പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ട നടപടികളെടുക്കുവാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

79 (*274) <u>എയ്ഡ്സ് രോഗികളെ ചികിൽസിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനും നടപടി</u>

ആരോഗ്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് എയ്ഡ്സ് രോഗബാധിതരായി 890 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിലും എയിഡ്സ് പരിശോധിക്കുന്നതിന് സൗകര്യമുണ്ട്. മെഡിക്കൽ കോളേജിലെയും ജില്ലാ താലൂക്ക് ആശുപത്രികളിലെയും ഡോക്ടർമാർക്ക് എയ്ഡ്സ് ചികിൽസയ്ക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. ശ്രവ്യ-ദൃശ്യ മാധ്യമങ്ങൾ വഴിയും നെഹ്രു യുവകേന്ദ്ര വോളന്റിയർമാർക്ക് ട്രെയിനിംഗ് നൽകിയും പത്രപ്രവർത്തകർക്ക് വർക്ക്ഷോപ്പുകൾ നടത്തിയും 9 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്കൂൾ പരിപാടികൾ നടത്തിയും എയ്ഡ്സ് രോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നുണ്ട്.

80 (*275) <u>ബി.ഒ.റ്റി. പദ്ധതി അനുസരിച്ച് ആരംഭിച്ച സംരംഭങ്ങൾ</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വിശാല കൊച്ചി വികസന അതോറിറ്റി നടപ്പിലാക്കിയ മട്ടാഞ്ചേരി പാലവും തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിയ വിളപ്പിൽശാല മാലിന്യ സംസ്കരണപ്ലാന്റും ബി.ഒ.റ്റി. പദ്ധതിപ്രകാരം ആരംഭിച്ച സംരംഭങ്ങളാണെന്ന് അറിയിച്ചു. ഇത്തരത്തിലുള്ള സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലും ബി.ഒ.റ്റി. അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം പദ്ധതികൾക്ക് സാദ്ധ്യതയുള്ള നഗരങ്ങളെപ്പറ്റിയും പദ്ധതികളുടെ പ്രോജക്ടു റിപ്പോർട്ടുകളെപ്പറ്റിയും പരിശോധിക്കുവാനും പദ്ധതികൾക്ക് അനുമതി നൽകുന്നതിൽ സർക്കാരിന് ഉപദേശം നൽകുവാനും നഗര വികസന വകുപ്പു സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

81 (*278) <u>ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വകാര്യ പങ്കാളിത്തം</u>

ആരോഗ്യവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ. സർക്കാർ ആശുപത്രികളിലെ ചികിൽസാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്വകാര്യ പങ്കാളിത്തത്തോടെ ലബോറട്ടറി സൗകര്യങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി വാർഡുകൾ, സ്പെഷ്യാലിറ്റി ബ്ലോക്കുകൾ, പേ വാർഡുകൾ മുതലായവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിച്ചു. ഇതു കൂടാതെ സന്നദ്ധ സംഘടനകളുടെ സഹായ സഹകരണത്തോടെയും ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

82 (*285) <u>ദേശീയ പതാക ഉപയോഗിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, ദേശീയ പതാക ഉപയോഗിക്കുന്നതു സംബന്ധിച്ച പുതുക്കിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ ഫ്ളാഗ് കോഡ് 2002 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഇതുപ്രകാരം ബന്ധപ്പെട്ട

ആക്ടുകളിലെ ചട്ടങ്ങൾക്കു വിധേയമായി ദേശിയ പതാകയുടെ മഹനീയതയ്ക്കും ആദരവിനും കോട്ടം തട്ടാത്ത രീതിയിൽ പൗരൻമാർക്കും സംഘടനകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ദേശീയദിനങ്ങളിലും അല്ലാത്ത വേളകളിലും ദേശീയ പതാക ഉപയോഗിക്കാവുന്നതാണ്.

83(*288) <u>അണ്ടർ വാല്യുവേഷൻ സംബന്ധിച്ച കേസുകൾ</u>

ഗ്രാമവികസന വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് അണ്ടർ വാല്യുവേഷൻ സംബന്ധിച്ച 11,21,209 കേസുകൾ (30–4–2002 വരെ) നിലവിലുണ്ടെന്ന് അറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

109 (1581) <u>വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ നൽകിയ സഹായം</u>

2001–02–ൽ വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 45,50,000 രൂപ ഗ്രാന്റ് ഇനത്തിലും 42,21,51,000 രൂപ വായ്പ ഇനത്തിലും 16,81,00,000 രൂപ ഓഹരി ഇനത്തിലും

കയർ വികസന വകുപ്പിന്റെ കീഴിലുള്ള കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന് ബഡ്ജറ്റിൽ ഉൾപ്പെടുത്തി കയറിന്റെയും കയറുല്പന്നങ്ങളുടെയും ഡിസ്ട്രസ് പർച്ചേസിനായി 19.5 ലക്ഷം രൂപയും ഷെയർ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 16.5 ലക്ഷം രൂപയും (ആകെ 36 ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്. കൈത്തറിയും ടെക്സ്റ്റൈൽസും വകുപ്പിനു കീഴിലുള്ള കേരളാ സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷന് ഫങ്ഷണൽ സബ്സിഡിയായി 28.16 ലക്ഷം രൂപയും ഓഹരി മൂലധനമായി 30 ലക്ഷം രൂപയും റിബേറ്റ് ഇനത്തിൽ 370.09 ലക്ഷം രൂപയും മാർക്കറ്റിംഗ് ഇൻസെന്റീവായി 36.48 ലക്ഷം രൂപയും പുനരുദ്ധാരണത്തിനായി 22.30 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

110 (1672) <u>ചികിത്സയ്ക്കും ശസ്ത്രക്രിയകൾക്കുംവേണ്ടി ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ</u>

നിർധനരും നിരാലംബരുമായ വ്യക്തികളുടെ ചികിത്സയ്ക്കും ശസ്ത്രക്രിയകൾക്കും വേണ്ടി ധനസഹായത്തിനായി 2001 മേയ് മുതൽ 2002 മേയ് വരെ 12021 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 8028 പേർക്ക് (പത്തനംതിട്ട, കണ്ണൂർ, പാലക്കാട് ഒഴികെ) ധനസഹായം അനുവദിച്ചു.

111 (1677) <u>ജനകീയാസൂത്രണ പദ്ധതി രൂപീകരണ പ്രക്രിയ</u>

2002–03 മുതൽ വാർഷിക പദ്ധതികൾക്കു പകരം പത്താം പഞ്ചവത്സര പദ്ധതികൾക്കനുസൃതമായി പഞ്ചവത്സര പദ്ധതി സമീപനം അവലംബിക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 6–6–02–ന് നൽകിയിട്ടുണ്ട്. ഇതിനനുസൃതമായി പഞ്ചവത്സര രൂപീകരണ പ്രക്രിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുരോഗമിച്ചുവരുന്നു.

112 (1744) <u>ഗ്രാമവികസന വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ</u>

ജില്ലാ ഗ്രാമ വികസന ഏജൻസി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നീ ഏജൻസികൾ മുഖാന്തിരം 18632.29 ലക്ഷം രൂപയുടെ പദ്ധതികൾ ഗ്രാമവികസന വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

......

----